(ബി) സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജനപദ്ധതി പ്രകാരം ആദിവാസികൾക്ക് ഈ വർഷം എത്ര ടൺ അരി അലോട്ട് ചെയ്യുകയുണ്ടായിയെന്ന് പറയാമോ ;

(സി) ആദിവാസി മേഖലയിലെ 'ജോലിക്ക് കൂലി ഭക്ഷണം' പരിപാടിയുടെ ഭാഗമായുള്ള അരി ആദിവാസികൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഡി) സ്വാകാര്യവ്യക്തികൾക്ക് മറിച്ച് വിറ്റതുമൂലം ആദിവാസികൾക്ക് നഷ്ടപ്പെട്ട അരി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) എത്ര ആദിവാസി ഊരുകളിൽ ഈ വർഷം 'ജോലിക്ക് കൂലി ഭക്ഷണം' പദ്ധതി പ്രകാരം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികജാതിക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഇത് സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗ്രാമവികസന വകുപ്പുവഴിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പട്ടികവർഗ്ഗക്കാർക്കുമാത്രമായി ഈ പദ്ധതി നടപ്പിലാക്കുന്നില്ല. പട്ടികവർഗ്ഗക്കാർക്കുകൂടി പ്രയോജനപ്രദമായ നിലയിലാണ് പദ്ധതിയുടെ നടത്തിപ്പ്.

(സി) ഈ പദ്ധതിയുടെ ആനുകൂല്യം ആദിവാസികൾക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ കൈക്കൊള്ളുവാൻ ജില്ലാതല ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് ഈ വകുപ്പിൽ വിവരങ്ങൾ ലഭ്യമല്ല.

(ഇ) ഈ വർഷം ജോലിക്ക് കൂലി ഭക്ഷണം പദ്ധതിപ്രകാരം 2421 ഊരുകളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

പത്താം പദ്ധതിയിൽ വൈദ്യുത രംഗത്ത് കൈവരിക്കേണ്ട നേട്ടങ്ങൾ

10 (*677) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പദ്ധതിയിൽ വൈദ്യുത രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(ബി) ഇതിനുവേണ്ടി എന്ത് മുതൽമുടക്ക് വേണ്ടിവരും എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പത്താം പദ്ധതിയുടെ ആദ്യ വർഷം വൈദ്യുതി രംഗത്ത് എന്ത് തുക ചെലവിടാനും എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാനും കഴിഞ്ഞു ;

(ഡി) ഇത് പ്രതീക്ഷിച്ച ചെലവിന്റെയും നേട്ടത്തിന്റെയും എത്ര ശതമാനം വരും എന്നറിയിക്കാമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) പത്താം പദ്ധതിയിൽ വൈദ്യുതി രംഗത്ത് താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

1. 440.35 മെഗാവാട്ട് ശേഷിയുള്ള വിവിധ ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുക.
2. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുക.
3. പതിനാറ് 220 കെ. വി., നൂറ്റി ഇരുപത്തിമൂന്ന് 110 കെ. വി., ഇരുപത്തിരണ്ട് 66 കെ. വി., നൂറ്റി പതിനെട്ട് 33 കെ. വി. സബ് സ്റ്റേഷനുകളും അനുബന്ധ ലൈനുകളും പൂർത്തിയാക്കുക.
4. 9500 കിലോമീറ്റർ 11 കെ. വി. ലൈനുകളും 27500 കിലോമീറ്റർ എൽ. റ്റി. ലൈനുകളും വലിക്കുക.
5. 10000 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
6. 20 ലക്ഷം സർവ്വീസ് കണക്ഷനുകൾ നൽകുക.
7. പഴക്കംചെന്ന ജല വൈദ്യുത പദ്ധതികളാണ് പെരിങ്ങൽക്കുത്ത്, നേരിയമംഗലം, ശബരിഗിരി, ഷോളയാർ, ചെങ്കുളം, പന്നിയാർ, പള്ളിവാസൽ എന്നിവ നവീകരിക്കുക.
8. എ.പി.ഡി.ആർ.പി. പദ്ധതികൾ തെരഞ്ഞെടുത്ത സർക്കിളുകളിലും പട്ടണങ്ങളിലും നടപ്പിലാക്കുക.

(ബി) പത്താം പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികൾക്കായി 3425 കോടി രൂപയുടെ മുതൽമുടക്ക് വേണ്ടിവരും എന്ന് പ്രതീക്ഷിക്കുന്നു.

(സി) പത്താം പദ്ധതിയുടെ ആദ്യവർഷം വൈദ്യുത രംഗത്ത് 475.30 കോടി രൂപ ചെലവിട്ടു. ഉൽപ്പാദനം, പ്രസരണ വിതരണ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉൽപ്പാദന മേഖല

1.	വഴിക്കടവ് ഡൈവേർഷൻ	–	24 എം. യു.
2.	നവീകരണവും പുനരുദ്ധാരണവും		
	പള്ളിവാസൽ	–	37.5 എം. ഡബ്ല്യു.
	ചെങ്കുളം	–	48 എം. ഡബ്ല്യു.
	പന്നിയാർ	–	30 എം. ഡബ്ല്യു.

LIBRARY ARCHIVES Kerala Legislative Assembly

2. പ്രസരണ മേഖല

സബ് സ്റ്റേഷനുകൾ

1.	110 കെ. വി.	-	7 എണ്ണം
2.	33 കെ. വി.	-	7 എണ്ണം

ലൈനുകൾ

1.	110 കെ. വി.	-	36. 4 സർക്യൂട്ട് കിലോമീറ്റർ
2.	66 കെ. വി.	-	44. 4 സർക്യൂട്ട് കിലോമീറ്റർ
3.	33 കെ. വി.	-	115.75 സർക്യൂട്ട് കിലോമീറ്റർ

3. വിതരണ മേഖല

1.	സർവ്വീസ് കണക്ഷനുകൾ	-	3,55,524 എണ്ണം
2.	11 കെ. വി. ലൈൻ	-	608.923 കിലോമീറ്റർ
3.	എൽ.റ്റി. ലൈൻ	-	3478.41 കിലോമീറ്റർ
4.	ട്രാൻസ്ഫോർമർ	-	835 എണ്ണം
5.	സ്ട്രീറ്റ് ലൈറ്റുകൾ	-	27,968 എണ്ണം

(ഡി) ഇത് പ്രതീക്ഷിച്ച ചെലവിന്റെ 80.70 ശതമാനവും നേട്ടങ്ങളുടെ 80 ശതമാനവും വരും.

ഗിരിജനങ്ങൾക്കുള്ള പരിരക്ഷകൾ

11 (*678) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. കെ. മണി :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലത്ത് വനപ്രദേശങ്ങളിൽ അധിവസിക്കുന്ന ഗിരിജനങ്ങൾക്ക് എന്തെല്ലാം വിധത്തിലുള്ള പരിരക്ഷകളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

(ബി) ഇതിനുവേണ്ടി ബഡ്ജറ്റിൽ തുക പ്രത്യേകമായി അനുവദിക്കാറുണ്ടോ ;

(സി) മഴക്കാലത്ത് ഗിരിജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി അവർക്ക് ഭക്ഷണം വൈദ്യശുശ്രൂഷ, വസ്ത്രം, എന്നിവയ്ക്കുവേണ്ടി ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly